# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 10, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

| |
|---|
| **മറുപടി നൽകുന്ന മന്ത്രിമാർ** |
| **പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി** |
| **പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി** |
| **റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി** |
| **രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി** |

## പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

*91 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത നടപടികളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ദൃശ്യമായതെന്നും വിശദമാക്കുമോ;

(ബി) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, മേഖലകൾക്കും വേണ്ടി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളിലൂടെ ആർജ്ജിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ നേട്ടങ്ങൾ വിശദമാക്കുമോ?

## വയനാട് ദുരന്തബാധിതർക്ക് പ്രത്യേക ടൗൺഷിപ്പ്

*92 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി പ്രത്യേക ടൗൺഷിപ്പ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൗൺഷിപ്പ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; ഇക്കാര്യത്തിൽ ദുരന്തബാധിതരുടെ താല്പര്യം സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രത്യേക ടൗൺഷിപ്പ് മേഖലയിൽ പുനരധിവാസത്തിന് തയ്യാറാകാത്തവർക്ക് സ്വന്തം നിലയിൽ ഭൂമിയും വീടും കണ്ടെത്തി താമസിക്കുന്നതിനാവശ്യമായ സഹായം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ നടപടി</u>

*93 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല റോഡുകളും തകർന്നതിനാൽ ജനങ്ങൾ യാത്രാദുരിതം നേരിടുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) കരാർ പ്രകാരമുള്ള പരിപാലന കാലയളവിനുള്ളിൽ റോഡുകളിലെ അറ്റകുറ്റപ്പണികൾ കരാറുകാർ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കരാറുകാർക്ക് കുടിശിക നൽകാനുള്ളത് റോഡുകളുടെ അറ്റകുറ്റപ്പണികളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ഖാദർ കമ്മീഷൻ റിപ്പോർട്ട്</u>

*94 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ റിപ്പോർട്ടിലെ നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് അധ്യാപക സംഘടനകളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) ഹൈസ്കൂൾ-ഹയർസെക്കണ്ടറി ലയന നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയുള്ള തൊഴിലവസരങ്ങൾ</u>**

*95 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന തൊഴിലവസരങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശം നൽകാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നൽകിയ തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം സംഭവിച്ച് നാട്ടിലെത്തിയ പ്രവാസികൾക്കായി രൂപീകരിച്ച വെർച്വൽ പ്രവാസി പോർട്ടൽ വിജയകരമായിരുന്നോ എന്നറിയിക്കുമോ;

(ഡി) ഈ സർക്കാർ വന്നശേഷം വിവിധ തൊഴിൽ പദ്ധതികളിലൂടെ വിതരണം ചെയ്ത വായ്പയും സഹായങ്ങളും വിവരിക്കുമോ?

**<u>വിദ്യാഭ്യാസ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ</u>**

*96 **ശ്രീ എം രാജഗോപാലൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അധ്യാപകർക്ക് ഇതിനായി പരിശീലനം നൽകുന്നതിൽ എന്തെല്ലാം ആസൂത്രണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്; പരിശീലനത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

**<u>ചൊക്രമുടി മലയിൽ ഭൂമി കയ്യേറ്റം</u>**

*97 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ബൈസൺ വാലി ചൊക്രമുടി മലയിൽ വൻതോതിൽ ഭൂമി കയ്യേറിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) റവന്യൂ ഭൂമിയിൽ വ്യാജപട്ടയം അനുവദിക്കുകയും പിന്നീട് പ്രസ്തുത ഭൂമി മറിച്ചുവിൽക്കുകയും ചെയ്ത നടപടികളിൽ റവന്യൂ ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടേയും ഇടപെടൽ ഉണ്ടായതായ ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കയ്യേറ്റങ്ങൾ അടിയന്തരമായി ഒഴിപ്പിക്കുന്നതിനും അനധികൃതമായി വിതരണം ചെയ്ത പട്ടയങ്ങൾ റദ്ദാക്കി റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) കയ്യേറ്റക്കാർക്കും അവരെ സഹായിച്ചവർക്കും എതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## <u>ഹൈടെക് ക്ലാസ്സ് മുറികൾ</u>

*98 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പൊതുവിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ്സ് മുറികൾ ഉള്ള ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ;

(ബി) ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജീകരിക്കുന്നതിന് കിഫ്ബി പദ്ധതികൾ എത്രമാത്രം സഹായകമായിട്ടുണ്ട്; വിശദമാക്കുമോ;

(സി) എം.എൽ.എ., എം.പി. ഫണ്ടുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പിന്റെയും പദ്ധതികൾ എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കാനുള്ള സാങ്കേതികവിദ്യകൾ</u>

*99 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ ആഘാതങ്ങൾ ലഘൂകരിച്ച് റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്ന പുതിയ സാങ്കേതികവിദ്യകളും സമ്പ്രദായങ്ങളും വികസിപ്പിക്കുന്നതിന് എന്തെല്ലാം ശ്രമങ്ങളാണ് നടത്തിവരുന്നത്; ഇത്തരത്തിലുള്ള ഗവേഷണങ്ങളുടെ പുരോഗതിയും ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള കണ്ടെത്തലുകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കനത്ത മഴയെ അതിജീവിക്കാൻ കഴിയുന്ന വിധത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത ഗവേഷണം വഴി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സാങ്കേതികവിദ്യകളുപയോഗിച്ചുള്ള നിർമ്മാണങ്ങൾ വ്യാപകമാക്കാൻ ലക്ഷ്യമിടുന്നുണ്ടോ;

(ഡി) റോഡു നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് മറ്റെന്തൊക്കെ പഠനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദാംശം നൽകുമോ?

## മിനിമം വേതനം

*100 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടുതൽ മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രാമീണ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) കാർഷികേതര നിർമ്മാണ മേഖലകളിൽ ദേശീയ ശരാശരിയുമായി താരതമ്യം ചെയ്ത് കൂലിയുടെ നില ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പരമ്പരാഗത തൊഴിൽ മേഖലകളിലെ മിനിമം വേതനം ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ടൂറിസം ഹബ്ബ്

*101 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്തെ അനന്തസാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്തെ ഒരു ടൂറിസം ഹബ്ബ് ആക്കി മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) കായൽ ടൂറിസം ഉൾപ്പെടെയുള്ള ടൂറിസം മേഖലയിൽ അന്തർദേശീയ നിലവാരം നിലനിർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോയെന്ന് അറിയിക്കുമോ?

## ഡിജിറ്റൽ റീ സർവ്വേ നടപടികളുടെ പുരോഗതി

*102 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം നൗഷാദ്**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീ സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം ജില്ലകളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥരെ വിന്യസിക്കാനുള്ള നടപടികൾ കാര്യക്ഷമമാണോ; വിശദമാക്കുമോ;

(സി) ഓരോ ജില്ലയിലെയും സർവ്വേ നടപടികളുടെ പുരോഗതി പ്രത്യേകമായി ലഭ്യമാക്കുമോ?

<u>**തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി**</u>

*103 **ശ്രീ. പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ്**

**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടികൾ അവസാനമായി നടപ്പാക്കിയത് എന്നാണെന്നും ഇപ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ ഒറ്റത്തവണയായി നവീകരിച്ച നടപടികൾ എന്നാണ് അവസാനമായി നടപ്പാക്കിയത്; ഈ സർക്കാർ വന്നശേഷം ഇത്തരം അറ്റകുറ്റപ്പണികൾ നടപ്പാക്കിയിട്ടുണ്ടോയെന്നും ഇനി നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ടോയെന്നും അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലേക്ക് കൂടുതൽ തദ്ദേശ റോഡുകൾ ചേർക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ എന്നും ഇതിനായി എന്തു ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ അർഹതാ മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ;

(ഡി) ദേശീയപാതകളെയും സംസ്ഥാനപാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി പൊതുജനം ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

<u>**വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**</u>

*104 **ശ്രീ. പി. കെ. ബഷീർ**

**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിനുശേഷം സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(സി) വിനോദസഞ്ചാര വികസനത്തിനായി ഏതെല്ലാം പുതിയ മേഖലകൾക്ക് ഊന്നൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## രക്ഷിതാക്കൾക്ക് പാഠപുസ്തകം

*105 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഇന്ത്യയിലാദ്യമായി രക്ഷിതാക്കൾക്കുള്ള പാഠപുസ്തകം തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടിയിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ മേഖലകളിലാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) രക്ഷിതാക്കൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠനപിന്തുണ

*106 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനപിന്തുണയ്ക്കായി ആസൂത്രണം ചെയ്തു നടപ്പാക്കിയിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്കായി ആരംഭിച്ച സ്പെഷ്യൽ കെയർ സെന്ററുകൾ പ്രയോജനപ്രദമായിരുന്നോ; ഇത്തരം സെന്ററുകളിൽ ഏകീകൃത പ്രവർത്തന പാക്കേജ്

നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം കുട്ടികൾക്കായി കായിക പരിശീലനവും കായികമേളയും സംഘടിപ്പിക്കാൻ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ശ്രവണപരിമിതരായ വിദ്യാർത്ഥികൾക്കായി വകുപ്പിന് എന്തെല്ലാം പ്രോഗ്രാമുകൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന വിശദീകരിക്കുമോ?

## വർണ്ണക്കൂടാരം പദ്ധതി

*107 **ശ്രീ. എ. രാജ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീപ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പാക്കിയിട്ടുള്ളത്;

(ബി) പ്രീ-സ്കൂളുകൾക്ക് പ്രത്യേക പാഠ്യപദ്ധതിയും പാഠപുസ്തകവും തയ്യാറാക്കിയിട്ടുണ്ടോ;

(സി) കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ പ്രത്യേക സിലബസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) 'വർണ്ണക്കൂടാരം' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## ഡിസൈൻ പോളിസി

*108 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസൈൻ പോളിസി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഡിസൈൻ പോളിസിയുടെ തുടർച്ചയായി ഏതൊക്കെ പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ടെന്ന വിശദാംശം നൽകുമോ;

(സി) ഡിസൈൻ പോളിസിയിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## കൺവെൻഷൻ സെന്ററുകൾ

*109 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ, അന്തർദേശീയ തലത്തിലുള്ള വലിയ ഇവന്റുകൾക്ക് വേദിയാകാൻ കഴിയുംവിധം വിപുലമായ കൺവെൻഷൻ സെന്ററുകൾ വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കൺവെൻഷൻ സെന്ററുകളിൽ ദേശീയ-അന്തർദേശീയ ടൂറിസ്റ്റുകൾക്ക് വേണ്ട സൗകര്യങ്ങളൊരുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇക്കാര്യത്തിൽ ആവശ്യമായ നയം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ വർദ്ധിക്കുന്നതിനനുസരിച്ച് സഞ്ചാരികൾക്ക് താമസസൗകര്യങ്ങൾ ഒരുക്കാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു എന്ന് അറിയിക്കുമോ?

## ഓൺലൈൻ ഭക്ഷ്യവിതരണം ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷ

*110 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ വഴി ഭക്ഷ്യവിതരണം നടത്തുന്ന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ ജോലി നോക്കുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

## പട്ടയവിതരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

*111 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയവിതരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയവിതരണ മേളകൾ ആറു മാസത്തിൽ ഒരിക്കലെങ്കിലും നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## .ടൂറിസം മേഖലയിൽ ലഭിച്ച ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ

*112 **ശ്രീ. എം.വിജിൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തിന് ടൂറിസം മേഖലയിലും ഉത്തരവാദിത്ത ടൂറിസം മേഖലയിലും ലഭിച്ച ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കോവിഡിനുശേഷം ഏറ്റവും കൂടുതൽ ഹോട്ടൽ ബുക്കിംഗ് നടന്ന ഡെസ്റ്റിനേഷനുകളിൽ കേരളത്തിലെ ഏതൊക്കെ കേന്ദ്രങ്ങൾ ഉൾപ്പെട്ടിരുന്നുവെന്നു വിശദമാക്കുമോ?

**<u>മലയോരമേഖലയുടെ വിനോദസഞ്ചാരസാധ്യതകൾ</u>**

*113 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലയോര ടൂറിസം മേഖലയെക്കുറിച്ച് പഠനം നടത്തണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിന്റെ ആവാസവ്യവസ്ഥയെയും ജനങ്ങളുടെ സുരക്ഷിതത്വത്തെയും എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുമോയെന്നു വിശദമാക്കുമോ;

(സി) മലയോരമേഖലയുടെ വിനോദസഞ്ചാര സാധ്യതകൾ പരിസ്ഥിതി സൗഹൃദമായി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

**<u>ഭൂമി തരംമാറ്റുന്നതിനുള്ള നടപടി</u>**

*114 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ ജനങ്ങൾക്ക് അവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി നിയമപരമായി ഭൂമി തരം മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് നെൽകൃഷി നടത്തിയിരുന്നതും അതിന് അനുയോജ്യമായതുമായ നിലങ്ങൾ മണ്ണിട്ട് നികത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) നിയമപരമായി ഭൂമി തരം മാറ്റി കിട്ടുന്നതിന് അർഹതയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സാധാരണക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത പത്തുസെന്റ് വരെയുള്ള ഭൂമി തരം മാറ്റുന്നതിന് അനുമതി ആവശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**തീരദേശ ഹൈവേ**</u>

*115 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹിക, പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) തീരദേശ ഹൈവേ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശം നൽകുമോ; ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥയെയും ജീവനോപാധികളെയും ദോഷകരമായി ബാധിക്കുന്ന രീതിയിൽ തീരദേശവാസികളെ കൂട്ടത്തോടെ കുടിയൊഴിപ്പിക്കേണ്ടി വരുന്ന ഈ പദ്ധതിയിൽ നിന്നും പിന്മാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>**ഐ.ടി. മേഖലയിലെ ചൂഷണം**</u>

*116 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മേഖലയിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസികസമ്മർദ്ദം അനുഭവിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ ജീവനക്കാർ നേരിടുന്നതായ മാനസിക സംഘർഷങ്ങളെക്കുറിച്ച് പഠിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഐ. ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>**പ്ലോട്ടുകളാക്കി വില്ക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ**</u>

*117 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണചട്ടങ്ങളും കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി നിബന്ധനകളും ലംഘിച്ച് പ്ലോട്ടുകളാക്കി വില്ക്കുന്ന ഭൂമിയുടെ രജിസ്ട്രേഷനുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെ.ബി.ആർ. ചട്ടം 4, 5, 31 എന്നിവ പാലിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾക്ക് അനുസൃതമാണ് പ്ലോട്ടുകൾ രജിസ്ട്രേഷൻ നടത്തുന്നത് എന്നുറപ്പ വരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) 1958-ലെ രജിസ്ട്രേഷൻ നിയമം ചട്ടം 191 ഉപചട്ടം 1-19, 198 ലെ വകുപ്പ് 71-77 എന്നിവ ഭേദഗതി ചെയ്ത് കെട്ടിട നിർമ്മാണത്തിലെ 5, 31 എന്നീ വകുപ്പുകൾ പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കാമോ?

**<u>സർക്കാർ-എയിഡഡ് മേഖലകളിലെ അദ്ധ്യാപക നിയമനം</u>**

*118 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയിഡഡ് മേഖലകളിലായി 2021 മേയ് മാസത്തിന് ശേഷം നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തിയ തസ്തികകൾ ഏതെല്ലാമാണെന്ന വെളിപ്പെടുത്തുമോ?

**<u>പാലങ്ങളുടെ നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യ</u>**

*119 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പാലങ്ങളുടെ നിർമ്മാണത്തിനായി, പാറയും മണലുമുൾപ്പെടെ അസംസ്കൃത വസ്തുക്കളുടെ ഉപയോഗം ഗണ്യമായി കുറയത്തക്കവിധത്തിൽ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിൽ എന്തൊക്കെ സാങ്കേതികവിദ്യകളാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) അൾട്രാ ഹൈ പെർഫോമൻസ് ഫൈബർ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതു വഴി എന്തെല്ലാം നേട്ടങ്ങളാണ് പാലം

നിർമ്മാണരംഗത്ത് ആർജ്ജിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ;

(സി) മേൽപാലങ്ങളുടെ നിർമ്മാണത്തിന് സ്റ്റീൽ സ്ട്രക്ചർ കോൺക്രീറ്റ് കമ്പോസ്റ്റ് ഉപയോഗിക്കുന്നത് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ അനധികൃത നിയമനങ്ങൾ**

*120 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായി തൊഴിൽ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പി.എസ്.സി.യുടെ പരിധിയിൽ വരാത്ത എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായിരിക്കണം എന്ന ചട്ടം ലംഘിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണെന്ന വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഒക്ടോബർ 2, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].